**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി(ക്ഷീരവികസന) വകുപ്പ് - കോവിഡ്-19 വ്യാപനം-സംസ്ഥാനമൊട്ടാകെ പ്രഖ്യാപിച്ച ലോക്ക് ഡൗൺ- മൃഗസംരക്ഷണവും ക്ഷീരവികസനവും അവശ്യസർവീസ് ആയി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ക്ഷീരവികസന) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ.25/2020/ഡിഡി — തിരുവനന്തപുരം, തീയതി 26.03.2020

---

പരാമർശം: 23.03.2020 ലെ സ.ഉ (കൈ)നം.49/2020/പൊ.ഭ.വ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ്-19 ന്റെ വ്യാപനത്തിന് അതീവ സാധ്യതയുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാനമൊട്ടാകെ 31.03.2020 വരെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഏതാനും സേവനങ്ങളെ അവശ്യ സേവനങ്ങളായി പരിഗണിച്ച് ലോക്ക് ഡൗണിൽ നിന്നും ഒഴിവാക്കിയിരുന്നു. ഖണ്ഡിക 8(a) (e) & k പ്രകാരം പാലിന്റെ മൊത്തം സംഭരണവും വിതരണവും നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 24.03.2020 ലെ 40-3/2020-ഡിഎ/1 (A) ഉത്തരവ് പ്രകാരം വെറ്റിനറി ഹോസ്പിറ്റലുകളെ ലോക്ക് ഡൗണിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീര വികസനത്തിലും മൃഗപരിപാലനത്തിലും ഉണ്ടാകുന്ന വിലക്കുകൾ അനേകം മനുഷ്യരെയും മൃഗങ്ങളെയും നേരിട്ട് ബാധിക്കുമെന്നതിനാലും പാൽ ഉൽപ്പാദനവും വിതരണവും ഒഴിവാക്കാനാവാത്തതിനാലും ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ സേവനങ്ങളെ ലോക്ക് ഡൗൺ വിലക്കുകളിൽ നിന്നും ഒഴിവാക്കി അവശ്യ സേവനങ്ങളായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്
സംസ്ഥാന പൊലീസ് മേധാവി
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർ
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ജില്ലാ കളക്ടർമാർ
ജില്ലാ പൊലീസ് മേധാവികൾ
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
ഡയറക്ടർ പി ആർ ഡി / വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ